ആന്റ് ടെലിവിഷൻ, വെൽഡർ എന്നീ പരിശീലന കോഴ്സുകളാണ് ഇപ്പോൾ നടത്തിവരുന്നത്.

(ബി) 1999-2000 അദ്ധ്യയനവർഷം മുതൽ സർവേയർ കോഴ്സ് തുടങ്ങുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ 5 പോളിടെക്നിക്കുകൾ നിലവിലുണ്ട്. പോളിടെക്നിക്കുകൾ കുറവുള്ള ജില്ലകൾക്ക് മുൻഗണന നൽകുക എന്നതാണ് സർക്കാരിന്റെ നയം.

14 (3143) മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഓരോ കുട്ടിക്കും എത്ര രൂപ വീതമാണ് ഭക്ഷണത്തിന് നൽകുന്നത്;

(ബി) ഭക്ഷണം നൽകുന്നതിൽ ക്രമക്കേടുകൾ നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന് ഉത്തരവാദികൾ ആരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) കുറ്റവാളികൾക്കെതിരെ നടപടി എടുത്തിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രതിമാസം 500/- രൂപ വീതം നൽകുന്നുണ്ട്.

(ബി) ഇല്ല.

(സി)& (ഡി)ബാധകമല്ല.

15 (3144) വീട് നശിപ്പിച്ച സംഭവം

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ കിരമ്പാറ വില്ലേജിൽ 8-ാം വാർഡിൽ താമസിക്കുന്ന പനയ്ക്കായത്ത് വീട്ടിൽ കുഞ്ഞിരാമൻ ഭാര്യ വത്സ എന്ന സ്ത്രീക്ക് പട്ടികജാതി വകുപ്പിൽനിന്നും 1993ൽ കിരമ്പാറ പഞ്ചായത്തിൽ നൽകിയ 4 സെന്റ് ഭൂമിയും വീടും ആരെങ്കിലും നശിപ്പിച്ചതായി പരാതി സർക്കാരിൽ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത വീട് നശിപ്പിച്ചത് ആരെല്ലാം ചേർന്നാണ് എന്ന് പരാതിയിൽ പറഞ്ഞിട്ടുണ്ടോ;

(ഡി) പ്രസ്തുത വ്യക്തികൾക്കെതിരെ പോലീസ് ഡിപ്പാർട്ടുമെന്റുവഴി എന്തു നടപടിയാണ് ഹരിജനക്ഷേമ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly